കടൽ ഭിത്തി

* 265 [404] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സ്പെസിഫിക്കേഷൻ അനുസരിച്ചു കടൽ ഭിത്തികൾക്ക് എത്ര വീതിയും ഉയരവും വേണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) പുതിയ നിർദ്ദേശമനുസരിച്ച് കടൽഭിത്തികൾ വീണ്ടും നിർമ്മിച്ച സ്ഥലത്ത് കടലാക്രമണക്കെടുതികൾ കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): (എ) ആധുനിക സ്പെസിഫിക്കേഷൻ അനുസരിച്ചു നിർമ്മിക്കുന്ന കടൽ ഭിത്തിക്ക് 3.35 മീറ്റർ ഉയരവും 18 മീറ്റർ വീതിയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

1987–88 സ്കൂൾ വർഷത്തേയ്ക്കുള്ള പാഠപുസ്തക അച്ചടി

* 266 [405] ശ്രീ. കെ. പി. അരവിന്ദാക്ഷൻ:
,, എ. കെ. പത്മനാഭൻ:
,, വി. കേശവൻ:
,, സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987–88 സ്കൂൾ വർഷത്തേക്കുള്ള പാഠപുസ്തകം അച്ചടിക്ക് കമ്മീഷൻ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അച്ചടി കേരളത്തിലെ പ്രസ്സുകൾക്കു ലഭ്യമാക്കാൻ എന്തെങ്കിലും വ്യവസ്ഥകൾ കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): (എ) ഉണ്ട്.

(ബി) കേരളത്തിലെ പ്രസ്സുകൾക്കു മാത്രമായി ലഭ്യമാക്കാൻ പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

വെള്ളപ്പൊക്ക നിവാരണത്തിനു കേന്ദ്രത്തിൽനിന്നും അനുവദിച്ച സംഖ്യ

* 267 [406] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ:
,, കെ. ടി. കണാരൻ:
,, കാനം രാജേന്ദ്രൻ:
,, എം. കെ. കേശവൻ:
,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കനിവാരണത്തിന്റെ പേരിൽ എത്ര സംഖ്യ ഈ വർഷം 30–6–1986 വരെ കേന്ദ്രത്തിൽനിന്നും അനുവദിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനകം ഈ വർഷം എത്ര തുക ചെലവഴിച്ചു;

(സി) ഏതെല്ലാം ഇനങ്ങൾക്കാണ് സംഖ്യ ചെലവഴിച്ചത്;

(ഡി) ഈ ഇനത്തിൽ എത്ര സംഖ്യ ഇനി ചെലവഴിക്കുവാൻ ബാക്കിയുണ്ട്?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.. മാണി):

(എ) വെള്ളപ്പൊക്കനിവാരണത്തിനു (നിയന്ത്രണത്തിനു) കേന്ദ്രത്തിൽ നിന്നും പ്രത്യേകമായി ധനസഹായമൊന്നും ലഭിക്കുന്നില്ല.

(ബി) വെള്ളപ്പൊക്ക നിയന്ത്രണത്തിനു ഈ വർഷം (1986–87) 30–6–1986 വരെ 40.780 ലക്ഷം രൂപ ചെലവഴിച്ചു.

(സി) നദികളുടേയും, പുഴകളുടേയും ഇടിയുന്ന കരഭാഗങ്ങൾ സംരക്ഷിക്കുക, ബണ്ടുകൾ കെട്ടുക, പുലിമുട്ടുകൾ നിർമ്മിക്കുക, മുതലായ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കാണ് സംഖ്യ ചെലവാക്കിയത്.

(ഡി) ഈ ഇനത്തിൽ 1986–87–ലെ പദ്ധതി വിഹിതം 140 ലക്ഷം രൂപയാണ്. ഈ ഇനത്തിൽ ഈ വർഷം ഇനി 99.220 ലക്ഷം രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്.

കടൽഭിത്തികളിലൂടെയുള്ള ചോർച്ച

* 268 [407] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ ഭിത്തികളിലൂടെ ചോർന്നുകേറുന്ന വെള്ളം പുരയിടങ്ങളിലും പുരകളിലും കൂടി ഒഴുകി തീരപ്രദേശത്തെ പാവങ്ങളുടെ ജീവിതം വർഷം തോറും ദുരിതപൂർണ്ണമാവുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷക്കാലത്ത് താൽക്കാലികമായി വയ്ക്കുന്ന മണൽ ചാക്കുകൾ പ്രസ്തുത കെടുതികൾക്ക് പരിഹാരമാകുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഭിത്തികളുടെ ഇടയിലൂടെ വെള്ളം അടിച്ചു കയറുന്നതു തടയുവാൻ ആവശ്യമായ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആവശ്യമായ പരിഹാര നടപടി സ്വീകരിക്കുമോ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) വർഷക്കാലത്ത് കടൽക്ഷോഭത്തിന്റെ രൂക്ഷത അനുസരിച്ചു കടൽഭിത്തിയുടെ മുകളിൽകൂടി വെള്ളം അടിച്ചു കയറുകയും, ഭിത്തി താഴ്ന്നുപോകുകയും, കേടുപാടുകൾ സംഭവിക്കുകയും ചെയ്യാറുണ്ട്. ഈ അവസരങ്ങളിൽ വെള്ളം പുരയിടങ്ങളിലും പുരകളിലും കൂടി ഒഴുകി തീരദേശ നിവാസികൾക്ക് ചില ബുദ്ധിമുട്ടുകൾ ഉണ്ടാക്കാറുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) സ്ഥിരമായി കടൽഭിത്തികൾ ആധുനിക സ്പെസിഫിക്കേഷൻ പ്രകാരം–അതായത് 3:35 മീറ്റർ ഉയരത്തിലും 18 മീറ്റർ വീതിയിലും കെട്ടുകയാണെങ്കിൽ വെള്ളം അടിച്ചു കയറുന്നത് തടയാൻ സാധിക്കും. ഇപ്രകാരമുള്ള കടൽഭിത്തികളാണ് ഇപ്പോൾ നിർമ്മിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly